ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി വിവിധ പദ്ധതികൾ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം പ്രകാരം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൻ പ്രകാരം വിവിധ ജില്ലകളിൽ പോലീസ് സ്റ്റേഷനുകൾ, സി. ഐ. ഓഫീസുകൾ, സബ് ഡിവിഷണൽ ഓഫീസ് കെട്ടിടങ്ങൾ, ഡി. പി. ഒ./സി. പി. ഒ. ഓഫീസുകൾ, വനിതാ പോലീസുകാർക്ക് വിശ്രമമുറി, എ. ആർ./എ. പി. ബറ്റാലിയൻ ക്യാംപുകളിൽ ബാരക്കുകൾ തുടങ്ങിയവ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പി. സി./എച്ച്. സി., എ. എസ്. ഐ., എസ്. ഐ., സി. ഐ. എന്നീ ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സുകളും നിർമ്മിച്ചുവരുന്നു. സംസ്ഥാന പോലീസ് സേനയ്ക്കാവശ്യമായ വിവിധയിനം വാഹനങ്ങൾ വാങ്ങിയുണിറ്റിലേക്ക് നല്കി വരുന്നു. പോലീസ് സേനയ്ക്കാവശ്യമായ ആയുധങ്ങൾ, ആധുനിക വയർലെസ് ഉപകരണങ്ങളും മറ്റ് അനുബന്ധ സാമഗ്രികളും, ട്രെയിനിംഗ് ഉപകരണങ്ങൾ, ഫോട്ടോഗ്രാഫിക് ഉപകരണങ്ങൾ എന്നിവ വാങ്ങി വിതരണം ചെയ്യുന്നു. റയട്ട് കൺട്രോൾ ഉപകരണങ്ങൾ, എസ്. ബി. സി. ഐ. ഡി., സി. ബി. സി. ഐ. ഡി., ട്രാഫിക് സേന എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു.

(ബി) 2000—2005 കാലയളവിലേക്കുള്ള പോലീസ് നവീകരണപദ്ധതിയാണ് നടപ്പിലാക്കിവരുന്നത്.

പോലീസ് വെടിവെയ്പും ലാത്തിച്ചാർജ്ജും

54 [55] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പോലീസ് വെടിവയ്പുകളും ലാത്തിച്ചാർജ്ജുകളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വെടിവയ്പിൽ മരിച്ചവരുടേയും ലാത്തിച്ചാർജ്ജിൽ പരിക്കേറ്റവരുടേയും എണ്ണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നടന്ന പോലീസ് വെടിവയ്പുകളെയും ലാത്തിച്ചാർജ്ജിനെയും കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

മാധ്യമപ്രവർത്തകർക്കുനേരെ നടന്ന കയ്യേറ്റം

55 [56] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്കുനേരെ എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ പോലീസുമായി ബന്ധപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഏതെല്ലാം കേസുകളിലാണ് ബന്ധപ്പെട്ട പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തതു സംബന്ധിച്ച് എത്ര പരാതികളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 18 അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കോഴിക്കോട് ചേവായൂർ പി. എസ്സിലെ ക്രൈം 74/03/ യു/എസ്സ് 341, 324, 427 ആർ/ഡബ്ലിയു 34 ഐ. പി. സി. എന്ന കേസിൽ പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 16 പരാതികൾ

(ഇ) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തു എന്നാരോപിച്ച് ലഭിച്ച 16 പരാതികൾ അന്വേഷിച്ചതിൽ 5 എണ്ണം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഒരു പരാതി അന്വേഷണാവസ്ഥയിലാണ്. 10 പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിൽ 4 എണ്ണം അന്വേഷണാവസ്ഥയിലും 6 കേസുകൾ അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly